# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1732 22.03.2012 -ൽ മറുപടിയ്ക്ക്**

**മാറാട് കൂട്ടക്കൊലയുമായി ബന്ധപ്പെട്ട ക്രൈംബ്രാഞ്ച് അന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എളമരം കരീം | ശ്രീ ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) മാറാട് കൂട്ടക്കൊലയ്ക്ക് പിന്നിലെ ഗൂഢാലോചനയും സാമ്പത്തിക സ്രോതസ്സും അന്വേഷിക്കാൻ, സർക്കാർ ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിയിരുന്നോ; | എ) ക്രൈംസ് വിഭാഗം അഡീഷണൽ പോലീസ് ഡയറക്ടർ ജനറലിന്റെ മേൽനോട്ടത്തിലുള്ള ഒരു പ്രത്യേക അന്വേഷണ സംഘത്തെ അന്വേഷണ ചുമതല ഏൽപ്പിച്ചിരുന്നു. |
| ബി) ആരായിരുന്നു ഈ അന്വേഷണത്തിന്റെ ചുമതലക്കാർ ; | ബി) ക്രൈംസ് വിഭാഗം അഡീഷണൽ പോലീസ് ഡയറക്ടർ ജനറലിന്റെ മേൽനോട്ടത്തിലുള്ള പ്രത്യേക അന്വേഷണ സംഘത്തിലെ ഇപ്പോഴത്തെ മുഖ്യ അന്വേഷണ ഉദ്യോഗസ്ഥൻ കോഴിക്കോട് സി.ബി.സി.ഐ.ഡി. പോലീസ് സൂപ്രണ്ട് ശ്രീ പി. എ. വൽസൻ ആണ്. |
| സി) അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; | സി) ഇല്ല. |
| ഡി) ചുമതലയിൽ നിന്നും ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ ; | ഡി) ഇല്ല. എന്നാൽ പ്രത്യേക അന്വേഷണ സംഘത്തിലെ മുഖ്യ അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ സി. എം. പ്രദീപ്കുമാർ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലേക്ക് ഡെപ്യൂട്ടേഷൻ മുഖാന്തിരം പോയതിനെ തുടർന്ന് അദ്ദേഹത്തിനു പകരമായി സി.ബി.സി.ഐ.ഡി. പോലീസ് സൂപ്രണ്ട് ശ്രീ പി. എ. വൽസനെ മുഖ്യ അന്വേഷണ ഉദ്യോഗസ്ഥനായി സർക്കാർ നിയമിച്ചിട്ടുണ്ട്. |
| ഇ) ക്രൈംബ്രാഞ്ച് പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ടോ ; | ഇ) ഉണ്ട്. |
| എഫ്) എങ്കിൽ ഈ എഫ്.ഐ.ആറിൽ ആരെയൊക്കെയാണ് പ്രതി ചേർത്തിട്ടുള്ളത് ? | എഫ്) അന്വേഷണത്തിൽ ഇരിക്കുന്നതിനാൽ ഇപ്പോൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |

സെക്ഷൻ ഓഫീസർ